പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ.*376

12.05.2017 -ലെ മറുപടിയ്ക്ക്

# തൊഴിൽ നിയമങ്ങൾ നടപ്പിലാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.നാണു<br>ശ്രീ. കെ.കൃഷ്ണൻകുട്ടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>ശ്രീ. കെ.ബി.ഗണേഷ് കുമാർ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>( തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഇൻഫർമേഷൻ ടെക്നോളജി, ബാങ്കിംഗ്, ഇൻഷ്വറൻസ്, മൈക്രോ ഫിനാൻസ് തുടങ്ങിയ രംഗങ്ങളിൽ തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നുണ്ടോ; | എ) നടപ്പാക്കുന്നുണ്ട്. |
| (ബി) ഇതിനു മേൽനോട്ടം വഹിക്കാൻ തൊഴിൽ വകുപ്പിൽ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ; | ബി) ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ച് വരുന്നു. 1960-ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തു വരുന്നു. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പു വരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി (WPS) നടപ്പിലാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും **155214/180042555214** എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. |

സി) മേല്പറഞ്ഞ മേഖലകളിൽ നടക്കുന്ന തൊഴിലാളി ചൂഷണവും തൊഴിൽ നിയമങ്ങളുടെ ലംഘനവും പരിഹരിക്കാൻ എന്തൊക്കെയാണ് ചെയ്യാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

സി) സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ തൊഴിൽ സാഹചര്യവും വേതനവും മെച്ചപ്പെടുത്തുന്നതിന് പര്യാപ്തമാക്കുന്ന രീതിയിൽ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശാക്തീകരിക്കുകയും നവീകരിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിയമലംഘനങ്ങൾക്കുള്ള പിഴതുക വർദ്ധിപ്പിച്ചുകൊണ്ടുള്ള കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിലുള്ള ഭേദഗതി സർക്കാർ പരിഗണനയിലാണ്. മിനിമം വേതന നിയമ ലംഘനങ്ങൾക്കുള്ള പിഴ തുക വർദ്ധിപ്പിക്കുന്നതിനും ടി നിയമത്തിലെ സെക്ഷൻ 20(1) പ്രകാരം മിനിമം വേജസ് ക്ലെയിം കേസുകളുടെ അതോറിറ്റിയായി ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ നിയമിക്കുന്നതിനുമുള്ള ഭേദഗതി ബിൽ നിയമസഭ പാസ്സാക്കി, ബഹു. പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. തൊഴിൽ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ ഗ്രേഡിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു.

Sreedd

**സെക്ഷൻ ഓഫീസർ**